പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2585      18.06.2014 ലെ മറുപടിക്ക്

## <u>അംബേദ്കർഭവന്റെ പ്രവർത്തനം</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ്</td><td colspan="2">ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>അംബേദ്കർ ഭവന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;</td><td>(എ)</td><td>അംബേദ്കർ ഭവൻ ഉദ്ഘാടനം കഴിഞ്ഞെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല; ആയതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;</td><td rowspan="2">(ബി)<br>&<br>(സി)</td><td rowspan="2">അഖിലേന്ത്യാ സർവ്വീസിലേക്കുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് ട്രെയിനിംഗ് സൊസൈറ്റി ആദ്യഘട്ടത്തിൽ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മാധ്യമ മേഖലയിൽ തൊഴിൽ സാദ്ധ്യതയേറിയ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനം ആരംഭിയ്ക്കാനും ഉദ്ദേശിക്കുന്നുണ്ട്. ആഡിറ്റോറിയം, ലേണിംഗ് സെന്റർ, മ്യൂസിയം, ആർട്ട് ഗ്യാലറി എന്നിവ ആരംഭിയ്ക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പട്ടികജാതിക്കാരുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;</td></tr>
<tr><td>(ഡി)</td><td>ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?</td><td>(ഡി)</td><td>മറ്റ് ഏജൻസികളൊന്നും അംബേദ്കർ ഭവന്റെ പ്രവർത്തനവുമായി സഹകരിക്കുന്നില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ